22627
12/12/19

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് – തലായ് മത്സ്യബന്ധന തുറമുഖത്തിനടുത്തുള്ള ചാലിൽ ഗോപാലപ്പേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(കൈ)നം.42/2019/മ.തു.വ** **തീയതി, തിരുവനന്തപുരം, 22/11/2019**

==========================================================================

പരാമർശം : 1. 26.06.2014 ലെ സ.ഉ(സാധാ)നമ്പർ.519/14/മതുവ.
2. ഫിഷറീസ് ഡയറക്ടറുടെ 27/12/2018 ലെ കെ3/17796/18 നമ്പർ കത്ത്.
3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08.02.2019 തീയതിയിലെ ഡി8/2067/2010/സിഇ നമ്പർ കത്ത്.
4. 02.03.2019 ലെ സ.ഉ(സാധാ)നമ്പർ.184/19/മതുവ.

**<u>ഉത്തരവ്</u>**

1. തലായ് മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 3479.50 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തലായ് മത്സ്യബന്ധന തുറമുഖത്തിന് സമീപമുള്ള ഗോപാലപ്പേട്ട ഭാഗത്ത് നൂറിൽപ്പരം വള്ളങ്ങൾ അടുപ്പിക്കുകയും മത്സ്യം ഇറക്കുകയും ചെയ്ത് വരുന്നുണ്ടെന്നും തലായ് ഹാർബറിൽ വലിയ ബോട്ടുകളും ഇൻബോർഡ് വള്ളങ്ങളും അടുപ്പിക്കുമ്പോൾ സ്ഥല പരിമിതി കാരണം മിക്കവാറും നാടൻ വള്ളങ്ങൾ ഗോപാലപ്പേട്ട ലാന്റിംഗ് സെന്ററാണ് ഉപയോഗപ്പെടുത്തുന്നതെന്നും പ്രസ്തുത ലാന്റിംഗ് സെന്ററിൽ ഒരു ഫിംഗർ ജെട്ടി നിർമ്മിക്കാവുന്നതാണെന്നും അതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് പുതിയ ശീർഷകം അനുവദിച്ച് നൽകണമെന്നും പരാമർശം (2) പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് മുമ്പ് ചാലിൽ ഗോപാലപ്പേട്ട ഫിഷ് ലാന്റിംഗ് സെന്റർ ഉണ്ടായിരുന്നുവെന്നും ഇവിടെ നൂറിൽപ്പരം വള്ളങ്ങൾ അടുപ്പിക്കുകയും മത്സ്യം ഇറക്കുകയും ചെയ്തു വരുന്നുണ്ടെന്നും ഹാർബർ നിർമ്മിച്ച കഴിഞ്ഞപ്പോൾ ഇത് ബേസിനുള്ളിൽ വടക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നുവെന്നും അവിടെ നിർമ്മിച്ചിട്ടുള്ള ലേലപുരയുടെ മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർണ്ണതോതിൽ ഉപയോഗപ്രദമാക്കാനും ബോട്ടുകൾ ബർത്ത് ചെയ്ത് മത്സ്യം ഇറക്കാനും ഫിംഗർ ജെട്ടി നിർമ്മാണത്തിലൂടെ സാധിക്കുമെന്നും തലായ് ഹാർബർ നിർമ്മാണത്തിൽ ബാക്കി വരുന്ന തുക വിനിയോഗിച്ച് അധിക വാർഫ് നിർമ്മിക്കാവുന്നതാണെന്നും പ്രസ്തുത പദ്ധതിയിലെ

2...

സംസ്ഥാന വിഹിതമായി 4405-104-84 തലായ് എന്ന ശീർഷകത്തിൽ ഭരണാനുമതി ലഭ്യമാക്കണമെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരവും അഭ്യർത്ഥിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം തലായ് ഫിഷിംഗ് ഹാർബറിന് സമീപമുള്ള ഗോപാലപ്പെട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മാണത്തിന് തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. തലായ് മത്സ്യബന്ധന തുറമുഖത്ത് ഒരു ഫിംഗർ ജെട്ടി നിർമ്മിക്കേണ്ടത് ചാലിൽ ഗോപാലപ്പേട്ട പ്രദേശത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾ സുരക്ഷിതമായി അടുപ്പിക്കുന്നതിന് അത്യാവശ്യമാകയാൽ ഫിംഗർ ജെട്ടി കൂടി നിർമ്മിച്ചാൽ മാത്രമേ പൂർണ്ണതോതിൽ ഉപയോഗയോഗ്യമാവുകയുള്ളൂ. ആകയാൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ സമീപത്തുള്ള ചാലിൽ ഗോപാലപ്പേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മിക്കുന്നതിന് 4405-104-84 തലായി (50% CSS) മത്സ്യബന്ധനതുറമുഖം എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിനാവശ്യമായ തുക 4405-104-84 തലായ് മത്സ്യബന്ധനതുറമുഖം എന്ന ശീർഷകത്തിലെ സംസ്ഥാന വിഹിതത്തിൽ ബാക്കി നിൽക്കുന്ന തുക ഉപയോഗിച്ച് കണ്ടെത്തുന്നതിനും, അധികം വേണ്ടി വരുന്ന തുക അടുത്ത സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ ജ്യോതിലാൽ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്:

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ്
ധനകാര്യ വകുപ്പ് (02.03.2019 ലെ DEV-3/87/18-Fin)
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് (21.05.2019 ലെ PLGEA-A1/36/2019-PLGEA)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-11-2019

ഫയൽ നം. 43/ബി2/2018/മതുവ. ഇനം നം: 3535

വിഷയം : മത്സ്യബന്ധന തുറമുഖ വകുപ്പ് - തലായ് ഫിഷിംഗ് ഹാർബറിന് സമീപമുള്ള ചാലിൽ ഗോപാലപേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

3535

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 43/ബി2/18/മഉവ |
| 2. | വകുപ്പ് | മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് |
| 3. | വിഷയം | മഉവ - തലായ് ഫിഷിംഗ് ഹാർബറിന് സമീപമുള്ള ചാലിൽ ഗോപാലപേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി – സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05/11/2019 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ഗിരിജ കുമാരി. ജി |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ.കെ.ആർ.ജ്യോതിലാൽ ഐ.എ.എസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 13/11/2019 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് ഐ.എ.എസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14/11/2019 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. ജെ. മെഴ്സിക്കുട്ടി അമ്മ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 15/11/2019 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16/11/2019 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) തലായ് മത്സ്യബന്ധനതുറമുഖത്തിനടുത്തുള്ള ചാലിൽ ഗോപാലപ്പേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മിക്കുന്നതിനുള്ള അനുമതി സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) 3479.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ (50% CSS) തലായ് മത്സ്യബന്ധന തുറമുഖത്തിന് സമീപമുള്ള ഗോപാലപ്പേട്ട ഭാഗത്ത് നൂറിൽപ്പരം വള്ളങ്ങൾ അടുപ്പിക്കുകയും മത്സ്യം ഇറക്കുകയും ചെയ്ത് വരുന്നുണ്ട്. തലായ് ഹാർബറിൽ വലിയ ബോട്ടുകളും ഇൻബോർഡ് വള്ളങ്ങളും അടുപ്പിക്കുമ്പോൾ സ്ഥല പരിമിതി കാരണം മിക്കവാറും നാടൻ വള്ളങ്ങൾ ഗോപാലപ്പേട്ട ലാന്റിംഗ് സെന്ററാണ് ഉപയോഗപ്പെടുത്തുന്നതെന്നും പ്രസ്തുത ലാന്റിംഗ് സെന്ററിൽ ഒരു ഫിംഗർ ജെട്ടി നിർമ്മിക്കാവുന്നതാണെന്നും മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് മുമ്പ് ചാലിൽ ഗോപാലപ്പേട്ട ഫിഷ് ലാന്റിംഗ് സെന്റർ ഉണ്ടായിരുന്നുവെന്നും ഇവിടെ നൂറിൽപ്പരം വള്ളങ്ങൾ അടുപ്പിക്കുകയും മത്സ്യം ഇറക്കുകയും ചെയ്തു വരുന്നുണ്ടെന്നും ഹാർബർ നിർമ്മിച്ച കഴിഞ്ഞപ്പോൾ ഇത് ബേസിനുള്ളിൽ വടക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നുവെന്നും അവിടെ നിർമ്മിച്ചിട്ടുള്ള ലേലപ്പുരയുടെ മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർണ്ണതോതിൽ ഉപയോഗപ്രദമാക്കാനും ബോട്ടുകൾ ബർത്ത് ചെയ്ത് മത്സ്യം ഇറക്കാനും ഫിംഗർ ജെട്ടി നിർമ്മാണത്തിലൂടെ സാധിക്കുമെന്നും തലായ് ഹാർബർ നിർമ്മാണത്തിൽ ബാക്കി വരുന്ന തുക വിനിയോഗിച്ച് അധിക വാർഫ് നിർമ്മിക്കാവുന്നതാണെന്നും പ്രസ്തുത പദ്ധതിയിലെ സംസ്ഥാന വിഹിതമായി 4405-104-84 തലായ് എന്ന ശീർഷകത്തിൽ ഭരണാനുമതി ലഭ്യമാക്കണമെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

3) തുടർന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ 523 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ ശിപാർശ സമർപ്പിച്ചു.

4) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൽ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം നൽകി.

"തലായ് ഹാർബറിൽ തന്നെയുള്ള അനുബന്ധ പ്രവൃത്തി ആകയാൽ Planning & Economic Affairs ന്റെ അംഗീകാരം നേടിയിരിക്കണമെന്ന വ്യവസ്ഥയിൽ, തലായ് ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട CSS ൽ സംസ്ഥാന വിഹിതത്തിൽ ബാക്കി നിൽക്കുന്ന തുക ഉപയോഗിച്ച് തലായ് ഫിഷിംഗ് ഹാർബറിനു സമീപമുള്ള ഗോപാലപ്പേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മാണത്തിന് 4405-104-84-തലായ് മത്സ്യബന്ധന തുറമുഖം എന്ന ശീർഷകത്തിൽ ഭരണാനുമതി

നൽകാവുന്നതും, അധികം വേണ്ടി വരുന്ന തുക അടുത്ത സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതത്തിൽ നിന്നും അനുവദിക്കാവുന്നതുമാണ്".

5) ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 02.03.2019 ലെ സ.ഉ.(സാധാ)നം. 184/2019/മതുവ പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. തുടർന്ന് ആസൂത്രണസാമ്പത്തിക കാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിൽ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"തലായ് മത്സ്യബന്ധന തുറമുഖം എന്ന 50% കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ചാലിൽ ഗോപാലപേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മിക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ നിരസിച്ചതിനാൽ കേന്ദ്രത്തിലുള്ള സേവിംഗ് സ് തിരിച്ചടയ്ക്കേണ്ടതാണ്. കേന്ദ്രത്തിൽ നിന്നു തുക ലഭിച്ചിട്ടില്ലായെങ്കിൽ പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്ത വിവരവും അതിനാൽ തന്നെ ഈ പ്രവൃത്തിക്കായി കേന്ദ്രവിഹിതം ഇനി ആവശ്യമില്ലെന്നും കേന്ദ്ര സർക്കാരിനെ അറിയിക്കേണ്ടതാണ്.

ചാലിൽ ഗോപാലപ്പേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മാണം എന്ന പ്രവർത്തനം തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ ഒറിജിനൽ പ്രോജക്റ്റ്/ഡി.പി.ആർ-ന്റെ ഭാഗമല്ല. അതിനാൽ ഇത് തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ ഭാഗമായി കണക്കാക്കാനാകില്ല. തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ ഭാഗമായി ചാലിൽ ഗോപാലപേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മാണം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിരിക്കും.

നിലനിൽക്കുന്ന പ്രോജക്ടിനുള്ളിൽ മറ്റൊരു പ്രോജക്റ്റ് നടപ്പാക്കാനാണ് ഈ പ്രൊപ്പോസൽ ശ്രമിക്കുന്നത്.വിശദമായ സാമ്പത്തിക പാരിസ്ഥിതിക സാങ്കേതിക ഇംപാക്റ്റ് - ഫീസിബിലിറ്റി റിപ്പോർട്ട് ഈ പ്രൊപ്പോസലിന് അനിവാര്യമാണ്. ഇത്തരത്തിലുള്ള ഒരു റിപ്പോർട്ട് ഈ പ്രൊപ്പോസലിന് നിലവിലുള്ളതായി മനസ്സിലാക്കിയിട്ടില്ല. നിലവിലെ പ്രൊപ്പോസൽ ചാലിൽ ഗോപാലപേട്ട ഭാഗത്ത് Fish Landing Centre നിർമ്മാണം എന്ന ഒരു പുതിയ പ്രൊപ്പോസലായി കണക്കാക്കേണ്ടതും ഡി. പി. ആറും തലായ് മത്സ്യബന്ധന തുറമുഖത്തിലുണ്ടാകുന്ന ഇംപാക്റ്റ് അസ്സസ്സ്മെന്റ് റിപ്പോർട്ടും കൂടി ചേർത്ത് അനുമതിക്കായി സർക്കാരിനെ സമീപിക്കേണ്ടതുമാണ്".

6) തലായ് മത്സ്യബന്ധന ഹാർബറിൽ ഒരു ഫിംഗർ ജെട്ടി നിർമ്മിക്കേണ്ടത് ചാലിൽ ഗോപാല പേട്ട പ്രദേശത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾ സുരക്ഷിതമായി അടുപ്പിക്കുന്നതിനു അത്യാവശ്യമാണ്. ഫിങ്കർ ജെട്ടി കൂടി നിർമിച്ചാൽ മാത്രമേ ഹാർബർ പൂർണതോതിൽ ഉപയോഗയോഗ്യമാകുകയുള്ളൂ, മത്സ്യബന്ധന ഹാർബർ നിർമാണത്തിന്റെ ഭാഗമാണ് ഈ ഘടകം. കേന്ദ്ര സർക്കാർ അനുമതിക്ക് DPR സമർപ്പിച്ചപ്പോൾ ഉൾപ്പെടുത്തുവാൻ വിട്ടു പോയതിനാൽ ഒറിജിനൽ പ്രോജക്റ്റിന്റെ ഭാഗമായി ഫിങ്കർ ജെട്ടി നിർമ്മാണത്തെ കാണാനാവില്ലായെന്നാണ് പ്ലാനിങ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് വകുപ്പിന്റെ നിലപാട്. ഇതൊരു പുതിയ പ്രൊജക്റ്റ് അല്ല. ഹാർബർ നിർമ്മാണത്തിലെ വിട്ടു പോയ ഒരു ഘടകം മാത്രമാണ്. ധനകാര്യ വകുപ്പ് അനുമതി ലഭിച്ചിട്ടുള്ളതിനാൽ പ്രോജക്റ്റിന് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കുകയും ഈ ഘടകത്തിന്റെ നിർവ്വഹണവുമായി ഹാർബർ എഞ്ചിനീയറിംഗ്

വകുപ്പ് മുന്നോട്ടു പോകുകയും ചെയ്തു കഴിഞ്ഞു. തലായ് മത്സ്യബന്ധന ഹാർബറിൽ വിവിധ മത്സ്യബന്ധന വിഭാഗങ്ങൾ തമ്മിൽ സംഘർഷങ്ങൾ ഉണ്ടാകാതെ പ്രവർത്തനങ്ങൾ നടക്കുന്നതിനും എല്ലാ വിഭാഗം തൊഴിലാളികൾക്കും അവിടെ ഹാർബർ സ്ഥാപിച്ചതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനും ഫിങ്കർ ജെട്ടി നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

7) മേൽസാഹചര്യത്തിൽ, പ്ലാനിങ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് വകുപ്പിന്റെ അഭിപ്രായം പരിഗണിക്കാതെ അനുമതി നൽകാമോ എന്നാരാഞ്ഞതിൽ മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട വിഷയം

**എ) തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ സമീപത്തുള്ള ചാലിൽ ഗോപാലപ്പേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മാണത്തിന് 4405-104-84 തലായ് (50% CSS) മത്സ്യബന്ധനതുറമുഖം എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകാവുന്നതാണോ; അങ്ങനെയെങ്കിൽ ഇതിനാവശ്യമായ തുക പ്രസ്തുത ശീർഷകത്തിലെ സംസ്ഥാന വിഹിതത്തിൽ ബാക്കി നിൽക്കുന്ന തുക ഉപയോഗിച്ച് കണ്ടെത്തുന്നതിന് അനുമതി നൽകാമോ?**

**ബി) അധികം വേണ്ടി വരുന്ന തുക അടുത്ത സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതത്തിൽ നിന്നും അനുവദിക്കാവുന്നതാണോ?**

GOVERNMENT OF KERALA

(SHRI. PINARAYI VIJAYAN MINISTRY)

NOTE FOR THE COUNCIL OF MINISTERS

| | |
|---|---|
| 1. File No. | 43/B2/2018/F&PD |
| 2. Department | Fisheries & Ports (B) Department |
| 3. Subject | F&PD – Sanction for the Construction of Finger Jetty in Chalil Gopalapetta near Thalai Fishing Harbour - reg. |
| 4. Date of Chief Minister's order for placing before the Council. | 05/11/2019 |
| 5. (i) Does the case involve financial commitments/implications<br>(ii) if the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the Council Note | Yes<br><br>Yes |
| 6. Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | Yes |
| 7. Name of Joint Secretary who submitted the Draft Note. | Smt.Girija Kumari. G |
| 8. Name of Principal Secretary who approved the Draft Note | Shri.K.R. Jyothilal IAS |
| 9. Date of approval of the Draft Note for the Council by the Principal Secretary | 13/11/2019 |
| 10. Name of Chief Secretary who approved the Draft Note. | Shri. Tom Jose IAS |
| 11. Date of approval of the Draft Note for the Council by the Chief Secretary | 14/11/2019 |
| 12. Name of Minister who approved the Draft Note | Smt. J. Mercykutty Amma. |
| 13. Date of approval of the Draft Note for the Council by the Minister | 15/11/2019 |
| 14. Date of submission of fair copies | 16/11/2019 |
| 15. Date of decision by the Council of Ministers | |
| 16. Number and date of the G.O/letter communicating the decision. | |

<u>Note for the Council of Ministers</u>

(1) This Note deals with the construction of a wharf at Chalil Gopalapetta side of Thalai Fishing Harbour.

(2) Administrative Sanction has been accorded for Thalai Fishing Harbour at an estimated amount of Rs. 3479.50 Lakhs as 50% Centrally Sponsored Scheme. The Fishing Harbour at Thalai share a common entrance with the Fish landing centre at Chalil Gopalapetta. There is not enough space for accommodating all the traditional boats in Thalai wharf and the country boats are utilizing the beach landing facilities near Chalil Gopalapetta Fish Landing Centre. The fisherman have been demanding construction of a wharf at Chalil side to facilitate their landing operation and handling their catches and fishing gear safely and easily. Hence Chief Engineer, Harbour Engineering Department suggested construction of a wharf at Chalil Gopalapetta side by utilizing the balance amount of State share of Thalai Fishing Harbour Project (4405-104-84-Thalai)

(3) Later Director of Fisheries submitted the Estimate prepared by Harbour Engineering Department amounting to Rs. 523 lakhs and requested to accord Administrative Sanction for the same.

(4) When consulted Finance Department remarked as follows:-

"തലായ് ഹാർബറിൽ തന്നെയുള്ള അനുബന്ധ പ്രവൃത്തി ആകയാൽ Planning & Economic Affairs ന്റെ അംഗീകാരം നേടിയിരിക്കണമെന്ന വ്യവസ്ഥയിൽ, തലായ് ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട CSS ൽ സംസ്ഥാന വിഹിതത്തിൽ ബാക്കി നിൽക്കുന്ന തുക ഉപയോഗിച്ച് തലായ് ഫിഷിംഗ് ഹാർബറിനു സമീപമുള്ള ഗോപാലപ്പേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മാണത്തിന് 4405-104-84-തലായ് മത്സ്യബന്ധന തുറമുഖം എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകാവുന്നതും, അധികം വേണ്ടി വരുന്ന തുക അടുത്ത സാമ്പത്തിക വർഷത്തിൽ

സംസ്ഥാന വിഹിതത്തിൽ നിന്നും അനുവദിക്കാവുന്നതുമാണ്".

(5) Accordingly as per G.O (Rt) 184/19/F&PD dtd 02.03.2019, in principle sanction has been accorded for the construction of Finger Jetty at Chalil Gopalapetta.When consulted Planning & Economic Affairs Department suggested as follows:-

"തലായ് മത്സ്യബന്ധന തുറമുഖം എന്ന 50% കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ചാലിൽ ഗോപാലപേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മിക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ നിരസിച്ചതിനാൽ കേന്ദ്രത്തിലുള്ള സേവിംഗ്സ് തിരിച്ചടയ്ക്കേണ്ടതാണ്. കേന്ദ്രത്തിൽ നിന്നു തുക ലഭിച്ചിട്ടില്ലായെങ്കിൽ പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്ത വിവരവും അതിനാൽ തന്നെ ഈ പ്രവൃത്തിക്കായി കേന്ദ്രവിഹിതം ഇനി ആവശ്യമില്ലെന്നും കേന്ദ്ര സർക്കാരിനെ അറിയിക്കേണ്ടതാണ്.

ചാലിൽ ഗോപാലപ്പേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മാണം എന്ന പ്രവർത്തനം തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ ഒറിജിനൽ പ്രോജക്ട്/ഡി.പി.ആർ-ന്റെ ഭാഗമല്ല. അതിനാൽ ഇത് തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ ഭാഗമായി കണക്കാക്കാനാകില്ല. തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ ഭാഗമായി ചാലിൽ ഗോപാലപേട്ട ഭാഗത്ത് ഫിംഗർ ജെട്ടി നിർമ്മാണം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിരിക്കും.

നിലനിൽക്കുന്ന പ്രോജക്ടിനുള്ളിൽ മറ്റൊരു പ്രോജക്ട് നടപ്പാക്കാനാണ് ഈ പ്രൊപ്പോസൽ ശ്രമിക്കുന്നത്. വിശദമായ സാമ്പത്തിക പാരിസ്ഥിതിക സാങ്കേതിക ഇംപാക്ട് - ഫീസിബിലിറ്റി റിപ്പോർട്ട് ഈ പ്രൊപ്പോസലിന് അനിവാര്യമാണ്. ഇത്തരത്തിലുള്ള ഒരു റിപ്പോർട്ട് ഈ പ്രൊപ്പോസലിന് നിലവിലുള്ളതായി മനസ്സിലാക്കിയിട്ടില്ല. നിലവിലെ പ്രൊപ്പോസൽ ചാലിൽ ഗോപാലപേട്ട ഭാഗത്ത് Fish Landing Centre നിർമ്മാണം എന്ന ഒരു പുതിയ പ്രൊപ്പോസലായി കണക്കാക്കേണ്ടതും ഡി. പി. ആറും തലായ് മത്സ്യബന്ധന തുറമുഖത്തിലുണ്ടാകുന്ന ഇംപാക്ട് അസ്സസ്സ്മെന്റ് റിപ്പോർട്ടും കൂടി ചേർത്ത്

## Points for decision

(a) Whether Administrative Sanciton may be accorded for the construction of finger jetty at Chalil Gopalapetta near Thalai Fishing Harbour by meeting the expenditure from the balance state share available under the Head of Account 4405-104-84 Thalai Fishing Harbour (CSS)?

(b) Whether additional amount required for the construction may be met from the State share for next financial year?